(b) This work will be undertaken very shortly.
(c) Does not arise.

റേഷൻ വിതരണം

*ചോദ്യം 9. (നമ്പ) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

സെപ്തമ്പർ മാസം മുതൽ മൂന്നാം ആഴ്ചവരെ തിരുവിതാംകൂറിൽ ഭക്ഷ്യസാധനങ്ങളും എത്രശതമാനം വിതരണം ചെയ്തുവെന്നും, അതേ അവസരത്തിൽ കൊച്ചിയിൽ എത്രശതമാനം വിതരണം ചെയ്തുവെന്നും പറയുമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഓരോ കാർഡുകാരനും ഓരോ ദിവസത്തിലോ, ആഴ്ചയിലോ, എത്രശതമാനം റേഷൻ നൽകി എന്നുള്ളതിന്റെ കണക്കെടുക്കുവാൻ പ്രയാസമാണ്. എന്നാൽ ഈ ആഴ്ചകളിൽ കൊച്ചിയിലെ റേഷൻ വിതരണം തിരുവിതാംകൂറിലേതിനേക്കാൾ പൊതുവെ തൃപ്തികരമായിരുന്നു. പുറമെനിന്നു കിട്ടിയിരുന്ന സ്റ്റോക്കിന്റെ കുറവുമൂലം സ്റ്റോറിന്റെ ഓരോ താലൂക്കുകളിലും അവിടെനിന്നു വാങ്ങുന്ന നെല്ലുതന്നെയാണ് മുഖ്യമായി വിതരണംചെയ്തിരുന്നതു്. കൂടുതൽ നെല്ലു കിട്ടുന്ന താലൂക്കുകളിൽ റേഷൻ വിതരണം തൃപ്തികരമായിരുന്നു. തൃശ്ശിവപേരൂർ ഡിസ്ട്രിക്ടിൽനിന്നു കൂടുതൽ നെല്ലു വാങ്ങുവാൻ കഴിഞ്ഞതിനാലും അവിടെ സ്റ്റോക്കു് അങ്ങുമിങ്ങും കൊണ്ടുപോകുവാൻ വാഹനസൗകര്യങ്ങളും കൂടുതൽ ഉള്ളതുകൊണ്ടുമാണ് റേഷൻവിതരണം കൊച്ചിയിൽ തിരുവിതാംകൂറിലേക്കാൾ തൃപ്തികരമായിരുന്നതു്.

പുതിയ റേഷൻ ഡിപ്പോകൾ

*ചോദ്യം. (നമ്പ) ശ്രീമതി ദേവകീഗോപിദാസ്: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുതിയതായി റേഷൻ ഡിപ്പോകൾ അനുവദിക്കുന്നതിനു ശുപാർശചെയ്തു റിപ്പോർട്ടയക്കുവാൻ പാടില്ലെന്നു് ഗവൺമെണ്ടിൽനിന്നോ ഫുഡ് സപ്ലൈസ് ഡിപ്പാർട്ടുമെണ്ടിൽനിന്നോ ഒരു സർക്കുലർ അയച്ചിട്ടുണ്ടോ;

(ബി) അപ്രകാരം ഒരു സർക്കുലർ അയക്കുന്നതിനുള്ള പ്രേരിപ്പിച്ച സംഗതി എന്തായിരുന്നുവെന്നു പറയുമോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഇല്ല.
(ബി) ഉദ്ഭവിക്കുന്നില്ല.

പാലംപണി

*ചോദ്യം 10. (മുസ്ലീം) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

കൊടുങ്ങല്ലൂരിലെ കാവിൽ–പുല്ലൂറ്റു പാലം പണി എപ്പോൾ നടത്തും?

പൊതുമരാമത്തും, ഗതാഗതവും, കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്): നിശ്ചിതസമയം പറയുവാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly